നിലവിൽ റവന്യൂ വകുപ്പിൽനിന്നും ഇ-ഡിസ്ട്രിക്ട് മുഖാന്തരം 24 ഇനം സർട്ടിഫിക്കറ്റുളാണ് ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകിവരുന്നത്. സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരിൽനിന്നും ശേഖരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഐ.ടി. മിഷനും, സി-ഡിറ്റുമായി സഹകരിച്ച് ഇ-ഓഫീസ് പോർട്ടൽ നവീകരിക്കാനുള്ള പദ്ധതി നടന്നുവരുന്നു. സ്വഗൃഹത്തിൽ ഇരുന്നുകൊണ്ടുതന്നെ പരമാവധി സൗകര്യപ്രദമായി ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉതകുന്നതരത്തിൽ ഇ-ഓഫീസ് പോർട്ടൽ നവീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

സൂര്യകാലടി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

280(2636) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് സൂര്യകാലടി മനയ്ക്ക് സമീപം നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

&

(ബി) പ്രസ്തുത നിർമ്മാണം നീണ്ടുപോകാനുള്ള കാരണങ്ങൾ വിശദീകരിക്കാമോ?

കോട്ടയം നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പണി നടന്നുകൊണ്ടിരിക്കുന്നത് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികളായ ആറുമാനൂർ, ചവിട്ടുവേലിക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ്. ടി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിലേയ്ക്ക് നോഡൽ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രം പത്തനംതിട്ടയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 19-11-2015-ലെ സർക്കാർ ഉത്തരവ് 6032/2015/ആർ.ഡി. പ്രകാരം കേരളത്തിൽ വിവിധ ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ ടി പാലങ്ങൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 3-12-2015-ലെ ഡി.എൻ.കെ/2015-16 പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും EPC കോൺട്രാക്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇ-ടെണ്ടർ വിളിച്ചതിൻപ്രകാരം SERMS infrastructure Pvt. Ltd തിരുവനന്തപുരം 4-2-2016-ൽ 28.58 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പദ്ധതിക്കുവേണ്ട ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി integral solutions, Kochi-യെയാണ് നിയമിച്ചത്. Pre Stressed segmental Slab പ്രത്യേക യാർഡുകളിൽ നിർമ്മിക്കുകയും സൈറ്റിൽ പൂർത്തീകരിച്ചിട്ടുള്ള തൂണുകളിൽ സ്ഥാപിക്കുന്ന രീതിയിലാണ് ടി നിർമ്മാണങ്ങളുടെ നിർമ്മാണം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

8-2-2016-ൽ കൂടിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ യോഗത്തിൽ 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള 5 പാലങ്ങളുടെ പണി പൂർത്തീകരിക്കണമെന്നും പണി ആരംഭിച്ചിട്ടില്ലാത്ത 4 പാലങ്ങളുടെ പ്രവൃത്തികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ആരംഭിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. ടി തീരുമാനത്തിനെതിരെ SERMS infrastructure Pvt. Ltd. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 3178/2018 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-1-2018-ലെ ഉത്തരവുപ്രകാരം 2 മാസത്തിനകം നിരക്ക് വർദ്ധനവ്, സപ്ലിമെന്ററി എഗ്രിമെന്റ്, റീഡിസൈൻ എന്നിവയിൽ ഉചിതമായ തീരുമാനം SERMS-ന് നൽകണമെന്ന് ഉത്തരവാകുകയുണ്ടായി. എന്നാൽ SERMS infrastructure Pvt.Ltd. 29-10-2018, 5-11-2018 തീയതികളിൽ ടെർമിനേഷൻ നോട്ടീസ് നൽകുകയും ആയതിന് മറുപടിയായി നിർമ്മാണം തുടങ്ങിയ 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് 7-11-2018-ൽ ജില്ലാ നിർമ്മിതി കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ടി കമ്പനി പ്രവൃത്തി പുനരാരംഭിക്കാതെ ആർബിട്രേഷൻ നടപടിയിലേയ്ക്ക് പോകുകയും ടി കേസിൽ 7-10-2020-ൽ 3,72,81,524 (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി എൺപത്തൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ മാത്രം) രൂപയും അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നതുവരെ ആയതിന് 9% പലിശയും SERMS infrastructure Pvt.Ltd-ന് നൽകുന്നതിന് വിധിക്കുകയും ആയതിനെതിരെ ബഹുമാനപ്പെട്ട പത്തനംതിട്ട സബ്കോടതി മുമ്പാകെ പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രം ഒന്നാം അപ്പലേറ്റായും ജില്ലാ കളക്ടർ രണ്ടാം അപ്പലേറ്റായും കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 22-10-2020-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ യോഗതീരുമാനപ്രകാരം ടി 5 പാലങ്ങളുടെ ഡിസൈൻ സ്റ്റാബ് ചെയ്തത് സംബന്ധിച്ച സാങ്കേതിക പഠനം നടത്തുന്നതിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രവും ഇന്റഗ്രൽ സൊല്യൂഷനും നൽകിയ ഡോക്യുമെന്റ്സ് പര്യാപ്തമല്ലെന്ന് കാണിച്ച് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം, അറിയിച്ചതിനെത്തുടർന്ന് ആയത് ലഭ്യമാക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം സാങ്കേതിക പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.